**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1480** **14-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സിവിൽ സ്റ്റേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സിവിൽ സ്റ്റേഷൻ, മോഡൽ സിവിൽ സ്റ്റേഷനാക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് സിവിൽ സ്റ്റേഷൻ, മോഡൽ സിവിൽ സ്റ്റേഷനാക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം പരിഗണിച്ചിരുന്നുവെങ്കിലും നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ ടി പ്രവൃത്തി ഉൾപ്പെടുത്തുവാൻ കഴിയില്ലാത്തതിനാൽ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സിവിൽ സ്റ്റേഷനിലെ പ്ലാനിംഗ് വകുപ്പിന് താഴെയുള്ള ക്യാന്റീനിൽ നിന്നും മലിനജലം പുറത്തേയ്ക്ക് ഒഴുകുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ? | (ബി) | പ്ലാനിംഗ് സെക്രട്ടറിയേറ്റിലെ ക്യാന്റീനിൽ നിന്നും മലിനജലം പുറത്തേയ്ക്ക് ഒഴുകുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മറ്റൊരു ടാങ്ക് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സമർപ്പിച്ചിട്ടുള്ളതും ഫണ്ട് കണ്ടെത്തുന്നതിന് എസ്റ്റേറ്റ് കമ്മിറ്റി ചേർന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് കോഴിക്കോട് ജില്ലാ കളക്ടർ നിർദ്ദേശം നല്കിയിട്ടുള്ളതും ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനായി 16/03/2022-ന് കോഴിക്കോട് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ക്യാന്റീൻ കമ്മിറ്റി ചേരുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ